# കേരള സർവകലാശാല

നം.പി.ആർ.18/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ജനുവരി 29 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.കോം (എഫ്.ഡി.പി) – (റെഗുലർ 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2014, 2015 & 2016 അഡ്മിഷനുകൾ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### തീയതി നീട്ടി

2018 എം.എസ്സിന്റെ പുതിയ സ്കീംപ്രകാരം, 2018 – 20 ബാച്ചിലെ എം.എസ്സ് വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ പരീക്ഷയോടൊപ്പം ഡിസർട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി 2020 ജനുവരി 31 ആയി പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

### വൈവാ വോസി

2019 നവംബറിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ എം.എ ഹിന്ദി (2017 അഡ്മിഷൻ – വിദൂരവിദ്യാഭ്യാസ കേന്ദ്രം) പരീക്ഷയുടെ വൈവാ വോസി 2020 ജനുവരി 28, 29, 30 തീയതികളിൽ വിദൂരവിദ്യാഭ്യാസ കേന്ദ്രം കാര്യവട്ടം കാമ്പസിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 – 2386442

### പരീക്ഷാഫീസ്

2020 മാർച്ച് 16 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ബി.എ റെഗുലർ ആന്റ് സപ്ലിമെന്ററി (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഫെബ്രുവരി 5 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 10 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 13 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. പരീക്ഷാ ഫീസിനു പുറമെ 200 രൂപ മൂല്യനിർണ്ണയ ക്യാമ്പ് ഫീയായും അടയ്ക്കണം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളൂ. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഫെബ്രുവരി 12 മുതൽ നടത്തുന്ന ഏഴാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) 2011 & 2014 സ്കീം പരീക്ഷയ്ക്ക് പിഴകൂടാതെ ജനുവരി 28 വരെയും 150 രൂപ പിഴയോടെ ജനുവരി 31 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 3 വരെയും അപേക്ഷിക്കാം. 2014 സ്കീമിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കണം.

## ഇന്റർവ്യൂവിന് മാറ്റമില്ല

സർവകലാശാല അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് പഠന വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിന് 2020 ജനുവരി 27 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂവിന് മാറ്റമുണ്ടായിരിക്കുന്നതല്ല.

## പരീക്ഷാഫലം

പാർട്ട് മൂന്ന് മാത്തമാറ്റിക്സ് മെയിൻ (ബി.എസ്.സി ആന്വൽ സ്കീം) – സപ്ലിമെന്ററി ഒക്ടോബർ 2019 പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ഫെബ്രുവരി 4 വരെ അപേക്ഷിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
24.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098